# പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ നടപടി ഉത്തരവ്

## ഹാജർ:കെ.വി മോഹൻകുമാർ ഐ.എ.എസ്

വിഷയം: പൊതു.വിദ്യാ.- ജീവനം - ഗവ.ഗണപത് ബോയ്സ് ഹൈസ്കൂൾ ഹെഡ്മാസ്റ്റർ ശ്രീ.ഗോകുൽദാസ് ഭഗവതിക്കണ്ടിക്ക് നൽകിയ സ്ഥാനക്കയറ്റം റദ്ദ് ചെയ്യുതിനും 05.04.2017 ൽ കൂടിയ ഡിപ്പാർട്ട്മെന്റൽ സ്ഥാനക്കയറ്റ കമ്മിറ്റിയുടെ തീരുമാനം നടപ്പാക്കിയും ഉത്തരവ് പുറപ്പെടുവിക്കുന്നത്- സംബന്ധിച്ച്.

വായന:-1) ഈ ഓഫീസിലെ 18.10.2014 ലെ എസ്.വൈ (1)81058/2013/ഡി.പി.ഐ നമ്പർ നടപടി ഉത്തരവ്
2) ഈ ഓഫീസിലെ 07.06.2011 ലെ ഡി6/83374/2010/ഡി.പി.ഐ നമ്പർ വിജ്ഞാപനം
3) ഈ ഓഫീസിലെ 16.06.2011 ലെ ഡി5/6464/2011/ഡി.പി.ഐ നമ്പർ നടപടി ഉത്തരവ്
4) ഈ ഓഫീസിലെ 17.06.2013 ലെ ഡി5/905/2013 നമ്പർ നടപടി ഉത്തരവ്
5) 28.04.2017 ലെ ജി.ഒ (പി) 9/2017/പൊ.വി.വ നമ്പർ സർക്കാർ വിജ്ഞാപനം
6) ഈ ഓഫീസിലെ 13.02.2009 ലെ എസ്.വൈ (1)/69394/06 നമ്പർ നടപടി ഉത്തരവ്
7) ഈ ഓഫീസിലെ എസ്.വൈ (1)/62348/08/ഡി.പി.ഐ നമ്പർ നടപടി ഉത്തരവ്

## ഉത്തരവ് നമ്പർ ഡി5/82077/2014/ഡി.പി.ഐ/അതീ തീയതി 07/06/2017

പൊതുവിദ്യാഭ്യാസ വകുപ്പിൽ 1986-90 കാലയളവിൽ നിയമിതരായ ഹൈസ്കൂൾ അസിസ്റ്റന്റ്മാരുടെ അന്തിമ സീനിയോറിറ്റി ലിസ്റ്റ് വായന (6) പ്രകാരം പുറപ്പെടുവിച്ചിരുന്നു. പ്രസ്തുത സീനിയോറിറ്റി ലിസ്റ്റീൽ ശ്രീ.ഗോകുൽദാസ് ഭഗവതിക്കണ്ടി ഉൾപ്പെട്ട് 12.05.2011 ൽ കൂടിയ ഡിപ്പാർട്ട്മെന്റൽ സ്ഥാനക്കയറ്റ കമ്മിറ്റി (ലോവർ) അംഗീകരിച്ച് വായന (2) പ്രകാരം സെലക്ട് ലിസ്റ്റിൽ ഉൾപ്പെടുകയും വായന (3) പ്രകാരം ഹെഡ്മാസ്റ്റർ/ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ സമാന തസ്തികയിലേക്ക് 16.06.2011 മുതൽ സ്ഥാനക്കയറ്റവും നൽകിയിരുന്നു. എന്നാൽ ശ്രീ.ഗോകുൽദാസ് ഭഗവതിക്കണ്ടി വായന (7) പ്രകാരം അന്തിമമായി പ്രസിദ്ധീകരിച്ച 91-96 വർഷത്തെ പൊതുവിദ്യാഭ്യാസ വകുപ്പിലെ ഹൈസ്കൂൾ അസിസ്റ്റന്റ്മാരുടെ സീനിയോറിറ്റി ലിസ്റ്റിലും 328-ാം റാങ്ക് നമ്പരായി ഉൾപ്പെട്ടിട്ടുള്ളതായി പരിശോധനയിൽ ബോധ്യപ്പെട്ടു. ഈ സാഹചര്യത്തിൽ ശ്രീ.ഗോകുൽദാസ് ഭഗവതിക്കണ്ടിയുടെ യഥാർത്ഥ റാങ്ക് നമ്പർ പരിശോധിച്ച് റിപ്പോർട്ട് ചെയ്യുവാൻ ഈ ഓഫീസിലെ സീനിയോറിറ്റി സെക്ഷനെ ചുമതലപ്പെടുത്തിയിരുന്നു. സീനിയോറിറ്റി സെക്ഷനിൽ കോഴിക്കോട് വിദ്യാഭ്യാസ ഉപഡയറക്ടറിൽ നിന്നും ശ്രീ.ഗോകുൽദാസ് ഭഗവതിക്കണ്ടിയുടെ സേവന പുസ്തകം ലഭ്യമാക്കി വിശദമായി പരിശോധിച്ചതിൽ ടിയാൻ വയനാട് ജില്ലയിൽ പി.എസ്.സി

മുഖേന 30.01.1989 ൽ എച്ച്.എസ്.എ (സോഷ്യൽ സയൻസ്) ആയി ജോലിയിൽ പ്രവേശിക്കുകയും തുടർന്ന് മിശ്ര വിവാഹിതർക്കുള്ള പ്രത്യേക ആനുകൂല്യത്തിൽ കോഴിക്കോട് ജില്ലയിലേക്ക് 08.01.1992 ന് അന്തർ ജില്ലാ സ്ഥലംമാറ്റം വഴി ജോലിയിൽ പ്രവേശിച്ചതായി ബോദ്ധ്യപ്പെട്ടു. അന്തർ ജില്ലാ സ്ഥലംമാറ്റം ലഭിച്ചാൽ സ്ഥലംമാറ്റം ലഭിച്ച ജില്ലയിൽ ജോലിയിൽ പ്രവേശിച്ച തീയതിയാണ് സീനിയോറിറ്റിക്ക് പരിഗണിക്കുക. ഇതിന്റെ അടിസ്ഥാനത്തിലാണ് ടിയാൻ 1991-96 വർഷത്തെ എച്ച്.എസ്.എ സീനിയോറിറ്റി ലിസ്റ്റിൽ ഉൾപ്പെട്ടത് എന്ന് ബോദ്ധ്യപ്പെട്ടു. ഈ സാഹചര്യത്തിൽ ശ്രീ.ഗോകുൽദാസ് ഭഗവതിക്കണ്ടിയുടെ 1991-96 വർഷത്തെ എച്ച്.എസ്.എ സീനിയോറിറ്റി ലിസ്റ്റിലെ 328-ാം റാങ്ക് നിലനിർത്തി 1986-90 വർഷത്തെ എച്ച്.എസ്.എ സീനിയോറിറ്റി ലിസ്റ്റിലെ 502-ാം റാങ്ക് നമ്പർ റദ്ദ് ചെയ്ത് വായന (1) പ്രകാരം ഉത്തരവായിരുന്നു.

വായന (1) പ്രകാരമുള്ള ഉത്തരവ് അനുസരിച്ച് ശ്രീ.ഗോകുൽദാസ് ഭഗവതിക്കണ്ടിയുടെ 86-90 വർഷത്തെ എച്ച്.എസ്.എ സീനിയോറിറ്റി ലിസ്റ്റിലെ 502-ാം റാങ്ക് നമ്പർ റദ്ദ് ചെയ്ത് 91-96 വർഷത്തെ എച്ച്.എസ്.എ സീനിയോറിറ്റി ലിസ്റ്റിലെ 328-ാം റാങ്ക് നിലനിർത്തിയ സാഹചര്യത്തിൽ വായന (3) പ്രകാരം ഹെഡ്മാസ്റ്റർ/ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ സമാന തസ്തികയിലേക്ക് ശ്രീ.ഗോകുൽദാസ് ഭഗവതിക്കണ്ടിക്ക് നൽകിയ സ്ഥാനക്കയറ്റം ചട്ട വിരുദ്ധമാണ്. വായന (2) പ്രകാരമുള്ള ഡിപ്പാർട്ട്മെന്റൽ സ്ഥാനക്കയറ്റ കമ്മിറ്റി അംഗീകരിച്ച സെലക്ട് ലിസ്റ്റിൽ നിന്നാണ് ശ്രീ.ഗോകുൽദാസ് ഭഗവതിക്കണ്ടിക്ക് സ്ഥാനക്കയറ്റം നൽകിയ ഈ സാഹചര്യത്തിൽ 05.04.2017 ൽ കൂടിയ ഡിപ്പാർട്ട്മെന്റൽ സ്ഥാനക്കയറ്റ കമ്മിറ്റി (ഹയർ) ടി.വിഷയം വിശദമായി പരിശോധിച്ചു. ശ്രീ.ഗോകുൽദാസ് ഭഗവതിക്കണ്ടിയെ 1986-90 വർഷത്തെ എച്ച്.എസ്.എ സീനിയോറിറ്റിയിൽ നിന്നും വായന (1) പ്രകാരം ഒഴിവാക്കിയ നടപടി അംഗീകരിച്ച് വായന (2) പ്രകാരമുള്ള സെലക്ട് ലിസ്റ്റിൽ നിന്നും ഒഴിവാക്കുവാനും വായന (5) പ്രകാരം സർക്കാർ വിജ്ഞാപനം പുറപ്പെടുവിച്ചു.

ഈ സാഹചര്യത്തിൽ വിശദമായി ടി വിഷയം പരിശോധിച്ചതിൽ വായന (4) പ്രകാരമുള്ള ഉത്തരവിലൂടെ 17.06.2013 മുതൽ മാത്രമേ ശ്രീ.ഗോകുൽദാസ് ഭഗവതിക്കണ്ടിക്ക് യഥാർത്ഥത്തിൽ ഹെഡ്മാസ്റ്റർ/ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ സമാന തസ്തികയിൽ സ്ഥാനക്കയറ്റം ലഭിക്കുവാൻ അർഹതയുള്ളൂവെന്ന് ബോധ്യപ്പെട്ടു. ആയതിനാൽ ശ്രീ.ഗോകുൽദാസ് ഭഗവതിക്കണ്ടിക്ക് വായന (3) പ്രകാരം നൽകിയ സ്ഥാനക്കയറ്റം റദ്ദ് ചെയ്ത്കൊണ്ട് ടിയാനെ എച്ച്.എസ്.എ സോഷ്യൽ സയൻസായി തരംതാഴ്ത്തി ഇതിനാൽ ഉത്തരവാകുന്നു. സീനിയോറിറ്റി പുനക്രമീകരിച്ചതിനാൽ വായന (4) പ്രകാരമുള്ള ഉത്തരവിലൂടെ ഹെഡ്മാസ്റ്റർ/ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ സമാന തസ്തികയിൽ ശ്രീ.ഗോകുൽദാസ് ഭഗവതിക്കണ്ടിക്ക് 17.06.2013 മുതൽ

സ്ഥാനക്കയറ്റത്തിന് അർഹതയുണ്ട്. ഈ സാഹചര്യത്തിൽ 17.06.2013 മുതൽ ശ്രീ.ഗോകുൽദാസ് ഭവഗതിക്കണ്ടിയെ സ്ഥാനക്കയറ്റം നൽകി ഹെഡ്മാസ്റ്റർ/ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ സമാന തസ്തികയിൽ തുടരുവാനും അനുവദിച്ചുകൊണ്ടും ഇതിനാൽ ഉത്തരവാകുന്നു. 16.06.2011 മുതൽ 16.06.2013 വരെ സ്ഥാനക്കയറ്റം റദ്ദാക്കിയ കാലയളവിൽ ക്രമ വിരുദ്ധമായി കൈപ്പറ്റിയ തുക സർക്കാരിലേക്ക് ഒടുക്കുവാനും നിർദ്ദേശിക്കുന്നു. ശ്രീ.ഗോകുൽദാസ് ഭഗവതിക്കണ്ടി ഇപ്രകാരം ക്രമവിരുദ്ധമായി കൈപ്പറ്റിയ തുക കണക്കാക്കി സർക്കാരിൽ ഒടുക്കുവാൻ ആവശ്യമായ നടപടി സ്വീകരിക്കുന്നതിന് കോഴിക്കോട് വിദ്യാഭ്യാസ ഉപഡയറക്ടറെ ചുമതലപ്പെടുത്തിയും ഇതിനാൽ ഉത്തരവാകുന്നു. ടി ഉത്തരവ് സമയബന്ധിതമായി നടപ്പാക്കിയ വിവരവും കോഴിക്കോട് വിദ്യാഭ്യാസ ഉപഡയറക്ടർ ഈ ഓഫീസിൽ അറിയിക്കുവാനും നിർദ്ദേശിക്കുന്നു.

ഒപ്പ്/-
പൊതുവിദ്യാഭ്യാസ ഡയറക്ടർ

//അംഗീകാരത്തോടെ//

സൂപ്രണ്ട്

സ്വീകർത്താവ്

1. ശ്രീ.ഗോകുൽദാസ് ഭഗവതിക്കണ്ടി
   ഹെഡ്മാസ്റ്റർ
   ഗവ.ഗണപത് ബോയ്സ് ഹൈസ്കൂൾ, ചാലപ്പുറം
   കോഴിക്കോട്

പകർപ്പ്

1. അക്കൗണ്ടന്റ് ജനറൽ (എ&ഇ)
   തിരുവനന്തപുരം
2. വിദ്യാഭ്യാസ ഉപഡയറക്ടർ
   കോഴിക്കോട്
3. ഡി6 സെക്ഷൻ
4. കരുതൽ ഫയൽ